"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- എറണാകുളം ജില്ല- ചെങ്ങമനാട് ഗ്രാമപഞ്ചായത്ത്- ശ്രീ. സുജാവുദ്ദീന്റെ ഉടമസ്ഥതയിലുള്ള റെസിഡൻഷ്യൽ കം കൊമേഴ്സ്യൽ കെട്ടിടത്തിന്റെ നിർമ്മാണ പെർമിറ്റ് കാലാവധി ഒരു തവണ കൂടി ദീർഘിപ്പിച്ചു നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ആർ ബി).. വകുപ്പ്

G.O.(Rt)No.1283/2024/LSGD തീയതി,തിരുവനന്തപുരം, 16-07-2024

---

പരാമർശം:-
1. ശ്രീ. സുജാവുദ്ദീൻ, മണപാടത്ത് വീട്, സമർപ്പിച്ച 15/11/2019 തീയതിയിലെ അപേക്ഷ.
2. ചീഫ് ടൗൺ പ്ലാനറുടെ 7/8/2023, 15/5/2024 തീയതികളിലെ LSGD/PD/40177/2023-TCPA2 നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം ജില്ല, ചെങ്ങമനാട് ഗ്രാമപഞ്ചായത്തിൽ നിർമ്മാണം പൂർത്തിയാക്കിയ B+G +6 നിലകളുള്ള commercial cum residential കെട്ടിടത്തിന്റെ നിർമ്മാണ പെർമിറ്റ് കാലാവധി 9 വർഷം കഴിഞ്ഞ സാഹചര്യത്തിൽ പെർമിറ്റ് പുതുക്കുന്നതിനായി ശ്രീ. സുജാവുദ്ദീൻ പരാമർശം (1) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു.

2 . പ്രസ്തുത നിർമ്മാണത്തിന് 4/11/2010-ൽ പഞ്ചായത്ത് പെർമിറ്റ് അനുവദിച്ചിട്ടുള്ളതും, 8/9/2020 തീയതിയിലെ " Chapter IX സംസ്ഥാനതല ക്രമവൽക്കരണ കമ്മിറ്റി നിബന്ധനകളോടെ പെർമിറ്റ് കാലാവധി 2 വർഷത്തേയ്ക്ക് കൂടി നീട്ടി നൽകിയിട്ടുള്ളതുമാണ്. ടി കാലയളവ് 7/9/2022 തീയതിയിൽ അവസാനിക്കുകയും ചെയ്തു. സംസ്ഥാനതല ക്രമവൽക്കരണ കമ്മിറ്റി ഒരിക്കൽ പെർമിറ്റ് കാലാവധി നീട്ടിനൽകിയിട്ടുള്ളതിനാൽ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് 2019 ചട്ടം 15(2) പ്രകാരം ഒരു തവണ കാലാവധി നീട്ടി നൽകുവാനേ വ്യവസ്ഥയുള്ളൂ.

3 . Covid -19 മഹാമാരിയെ തുടർന്ന് ലോക്ക്ഡൗൺ പ്രഖ്യാപിച്ചതിനാൽ നിർമ്മാണം പൂർണ്ണമായും നിർത്തിവയ്ക്കേണ്ടി വന്നതിനാൽ പെർമിറ്റ് കാലാവധി ദീർഘിപ്പിച്ച് കിട്ടിയിട്ടും നിർമ്മാണം പൂർത്തിയാക്കുവാൻ സാധിക്കാതെ വന്നു. ടി സാഹചര്യത്തിൽ ബിൽഡിംഗ്

പെർമിറ്റിന്റെ കാലാവധി ദീർഘിപ്പിച്ചുനൽകുന്നതിനാണ് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

4. KPBR-2019 ചട്ടം 15(2) പ്രകാരം ഒരു തവണ കാലാവധി നീട്ടി നൽകുവാനാണ് വ്യവസ്ഥയുള്ളുവെന്നതിനാലും കോവിഡ് മഹാമാരിമൂലമുള്ള സാമ്പത്തികസ്ഥിതി കാരണമാണ് പ്രസ്തുത നിർമ്മാണം അനുവദിച്ച കാലാവധിയ്ക്കുള്ളിൽ പൂർത്തീകരിയ്ക്കാൻ കഴിയാതെ വന്നതെന്ന് അപേക്ഷകൻ അറിയിച്ചിരിക്കുന്നതിനാലും, നിലവിൽ നിർമ്മാണ പ്രവർത്തികൾ എത്രത്തോളം പൂർത്തിയായി, എത്രശതമാനം പൂർത്തിയാക്കാനുണ്ട് എന്ന വസ്തുതകൾ പരിഗണിച്ചുകൊണ്ട് ജില്ലാ തല കമ്മിറ്റിക്ക് തന്നെ ഒരു തവണ കൂടി പെർമിറ്റ് extend ചെയ്യാനുള്ള അനുവാദം നൽകുന്നത് ഉചിതമായിരിക്കുമെന്നും പരാമർശം (2) പ്രകാരം ചീഫ് ടൗൺ പ്ലാനർ അറിയിച്ചിരുന്നു.

5. ചീഫ് ടൗൺ പ്ലാനറുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം ജില്ല, ചെങ്ങമനാട് ഗ്രാമപഞ്ചായത്തിൽ നിർമ്മാണം പൂർത്തിയാക്കിയ B+G+6 നിലകളുള്ള commercial cum residential കെട്ടിടത്തിന്റെ നിർമ്മാണം, കോവിഡ് മഹാമാരിമൂലമുള്ള സാമ്പത്തികസ്ഥിതി കാരണം നിർത്തിവയ്ക്കേണ്ടി വന്ന സാഹചര്യം പരിഗണിച്ച്, പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ പെർമിറ്റ് കാലാവധി ഒരു തവണ കൂടി ദീർഘിപ്പിച്ച് നൽകാനുള്ള അനുവാദം ജില്ലാ തല കമ്മിറ്റിക്ക് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

H MUHAMMED FAISAL
DEPUTY SECRETARY

പകർപ്പ്

ശ്രീ. സുജാവുദ്ദീൻ, മണപാടത്ത് വീട്,
മാർക്കറ്റ് റോഡ്, മാർക്കറ്റ് റോഡ്,)
ആലുവ- 683101.
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.
സെക്രട്ടറി, ചെങ്ങമനാട് ഗ്രാമപഞ്ചായത്ത്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിന്)
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Rajesh N
Date: 18-07-2024 17:29:20

സെക്ഷൻ ഓഫീസർ